നോർത്ത് വയനാട് കോ-ഓപ്പറേറ്റീവ് റബ്ബർ&അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സൊസൈറ്റി ലി. നമ്പർ സി. 384-ന് 2013-14-ലെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം അനുവദിച്ച ധനസഹായം നൽകാൻ സാധിക്കാതെവന്ന സാഹചര്യത്തിൽ 2014-15 വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സഹകരണ സംഘങ്ങൾക്ക് കെട്ടിടനിർമ്മാണം

93 (6544) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വന്തമായി ഭൂമിയുള്ള സഹകരണ സംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിലുള്ള എത്ര സഹകരണ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ആനുകൂല്യം നൽകിയെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി ആശുപത്രി സഹകരണ സംഘങ്ങൾക്ക് കെട്ടിടം പണിക്കായി 10 ലക്ഷം രൂപവരെ സബ്സിഡിയിനത്തിൽ ധനസഹായം നൽകിവരുന്നു. ഇതിനുപുറമെ പ്രോജക്ടുകളുടെ ഭാഗമായി കെട്ടിടം നിർമ്മിക്കുന്നതിന് ആശുപത്രി, വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ തുടങ്ങിയ വിവിധങ്ങളായ സഹകരണ സംഘങ്ങൾക്ക് എൻ.സി.ഡി.സി. മുഖേനയും ധനസഹായം നൽകിവരുന്നു. കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ കെട്ടിടം പുനരുദ്ധരിക്കുന്നതിന് പരമാവധി 5 ലക്ഷം രൂപവരെ നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

(ബി) സംസ്ഥാന പദ്ധതിപ്രകാരം ഒരു ആശുപത്രി സംഘത്തിനും എൻ.സി.ഡി.സി. പദ്ധതിപ്രകാരം 10 സംഘങ്ങൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ കെട്ടിട പുനരുദ്ധാരണ പദ്ധതിയിൽപ്പെടുത്തി 48 സംഘങ്ങൾക്കും 2013-14 വർഷം ധനസഹായം അനുവദിച്ചിട്ടുണ്ട്.

## സഹകരണ ഓഡിറ്റ് സമകാലികമാക്കാനുള്ള നടപടികൾ

94 (6545) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ആഡിറ്റ് വകുപ്പ് എന്നാണ് രൂപീകരിച്ചത് ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) സഹകരണ ആഡിറ്റ് വകുപ്പ് രൂപീകരിച്ചശേഷം സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതൊഴിവാക്കാൻ എന്തുനടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) സഹകരണ ആഡിറ്റ് സമകാലീനമാക്കാൻ എന്തുനടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

## ഉത്തരം

(എ) 27-5-2008-ലെ ജി.ഒ.(എംഎസ്.)നമ്പർ 126/08/സഹ നമ്പർ ഉത്തരവ് പ്രകാരമാണ് സഹകരണ ആഡിറ്റ് വകുപ്പ് രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളിലും ആഡിറ്റ് പ്രവർത്തനങ്ങൾ സ്വതന്ത്രവും കാര്യക്ഷമവും ആധുനികവൽക്കരിക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെയാണ് ആഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിച്ചത്. സഹകരണസംഘം രജിസ്ട്രാറുടെ പൊതുഭരണ നിയന്ത്രണത്തിൽ സഹകരണ ആഡിറ്റ് ഡയറക്ടറുടെ കീഴിലാണ് പ്രത്യേക ആഡിറ്റ് വിഭാഗം പ്രവർത്തിക്കുന്നത്.

(ബി) 16-2-2011-ലെ ജി.ഒ.(പി)25/2011/സഹ, 26/2011/സഹ എന്നീ ഉത്തരവുകൾ പ്രകാരം കേരള സഹകരണ ആഡിറ്റ് സർവ്വീസ് രൂപീകരിച്ചിട്ടുണ്ടെങ്കിലും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലാണ് സഹകരണ ആഡിറ്റ് ഡയറക്ട്രേറ്റും പ്രവർത്തിക്കുന്നത് എന്നതിനാൽ നിലവിലുള്ള കേരള സഹകരണ സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ വ്യവസ്ഥകളാണ് സഹകരണ ആഡിറ്റ് വിഭാഗത്തിന് ബാധകമായിട്ടുള്ളത്.

(സി) കേരളത്തിലെ സഹകരണ സംഘങ്ങളുടെ ആഡിറ്റ് സമകാലികമാക്കുന്നതിന് 2013 ഏപ്രിൽ 1 മുതൽ ഡിസംബർ 31 വരെ കുടിശ്ശിക നിവാരണ കർമ്മപരിപാടി നടപ്പാക്കുകയുണ്ടായി. ഇതിനായി ഡിപ്പാർട്ട്മെന്റിൽ നിലവിലുള്ള 292 ആഡിറ്റർമാർക്കും 1289 കെ.എസ്.ആർ. 156 പ്രകാരം നിയമിതരായ ആഡിറ്റർമാർക്കും പുറമെ ജനറൽ വിഭാഗത്തിൽനിന്നും 377 ഇൻസ്പെക്ടർമാരുടെയും, സർവ്വീസിൽനിന്നും വിരമിച്ച ആഡിറ്റർമാരുടേയും സേവനം പ്രയോജനപ്പെടുത്തുകയുണ്ടായി. പ്രസ്തുതപരിപാടി നടപ്പാക്കിയതിലൂടെ 17638 സംഘങ്ങളുടെ 34461 ആഡിറ്റുകൾ പൂർത്തീകരിച്ച് സമകാലികമാക്കിയിട്ടുണ്ട്.

## സഹകരണ ഭവന്റെ നിർമ്മാണം

95 (6546) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിന്റെ ആസ്ഥാനമായി സഹകരണഭവൻ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുതനിർമ്മാണത്തിനായി സഹകരണ സംഘങ്ങളിൽ നിന്നും എത്ര തുകയാണ് സമാഹരിക്കാൻ ഉദ്ദേശിക്കുന്നത് എന്നും വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly